

# ഇതൾ

# ഇതളുകളിലൂടെ ......


മൂന്നാറിന്റെ മടിത്തട്ടിലേക്ക് ..........

ഞാൻ – കവിത ..........

സീഡ് ആൻഡ് എക്കോ ക്ലബ് ..........

ലോക ലഹരി വിരുദ്ധ ദിനത്തിൽ SPC കേഡറ്റുകൾ ..........

പുസ്തക നിരൂപണം 1..........

പുസ്തക നിരൂപണം II ..........

My own words .... Experiences from my life..........

വിദ്യാരംഗം കലാസാഹിത്യവേദി ..........

प्रकृति संरक्षण..........

ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാ ക്യാമ്പ്..........

ജൂനിയർ റെഡ് ക്രോസ്സ് ..........

വരകളിലൂടെ..........

GEOMETRICAL PATTERNS..........

ചിങ്ങം 1 – കാർഷിക ദിനം ..........

പരിസ്ഥിതി ദിനാഘോഷം ..........

ആനുവൽ ഡേ 2023..........

NCC..........

SPC..........

LITTLE KITE..........

SPORTS..........

സ്കൂൾ ഹോക്കി ടീം..........

എയ്റോബിക്സ്..........

തൈക്കോണ്ടോ..........

# എഡിറ്റോറിയൽ ബോർഡ്

## എഡിറ്റർ

വിദ്യാലക്ഷ്മി

## അംഗങ്ങൾ

അഞ്ജലി കൃഷ്ണ

ആയിഷ

ശ്രീലക്ഷ്മി

സുൽത്വാന

ആതിര

ഫഹദ്

പ്രണവ്

## രക്ഷാധികാരി

ശ്രീമതി ബി ശ്രീജ (ഹെഡ് മിസ്ട്രസ് )

## ഉപദേശക സമിതി

ശ്രീമതി ലയ ജെ നായർ (കൈറ്റ് മിസ്ട്രസ് )

ശ്രീമതി പ്രിയ ജി (കൈറ്റ് മിസ്ട്രസ് )

ശ്രീ അരുൺ ആർ (SITC )

ശ്രീമതി സ്മിത എൽ (സ്റ്റാഫ് സെക്രട്ടറി )

# എഡിറ്റോറിയൽ

വിദ്യാഭ്യാസത്തിൽ വിവരസാങ്കേതികവിദ്യയുടെ സ്വാധീനം ശക്തിപ്പെട്ട കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നവീനസാങ്കേതികവിദ്യ വിജയകരമായി കൈകാര്യം ചെയ്യുവാൻ പുതുതലമുറയെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന കുട്ടികളുടെ ഐടി കൂട്ടായ്മയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് "ഇതൾ"'.വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നവീന സാങ്കേതികവിദ്യയുടെ സാധ്യതകൾ സമന്വയിപ്പിച്ച് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ എല്ലാവർക്കുമായി സമർപ്പിക്കുന്നു.

എഡിറ്റർ

# സന്ദേശം

പ്രിയ സഹപ്രവർത്തകരെ,കുഞ്ഞുങ്ങളെ,

കുട്ടികളുടെ കലാപരവും സാഹിത്യപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തുന്ന തരത്തിലാണ് ലിറ്റിൽ കൈറ്റ്സിൻ്റെ മാഗസിൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് അവരുടെ സർഗ വാസനയോടൊപ്പം സാങ്കേതിക മികവുകൾ കൂടി പ്രദർശിപ്പിക്കാൻ ഇത് സഹായിക്കുന്നു.നമ്മുടെ സ്കൂളിൻ്റെ ലിറ്റിൽ കൈറ്റ്സ് മാഗസിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എൻ്റെ ആശംസകളും അഭിനന്ദനങ്ങളും .

**ശ്രീമതി ബി ശ്രീജ**

ഹെഡ് മിസ്ട്രസ്

ടി ഡി എച്ച് എസ് എസ് ആലപ്പുഴ

# മൂന്നാറിന്റെ മടിത്തട്ടിലേക്ക്

2025 ജനുവരി 2 വ്യാഴാഴ്ച 3:25ന് അതിരാവിലെ ആലപ്പുഴ അനന്തനാരായണപുരം തിരുമല ദേവസ്വം ഹൈസ്കൂളിലേക്ക് വിനോദയാത്രയിൽ പങ്കെടുക്കുന്നതിനുവേണ്ടി രാത്രിയുടെ നിശബ്ദമായ അന്ത്യയാമത്തിൽ വിജനമായ വീഥിയിലൂടെയുള്ള യാത്ര നവ്യാനുഭൂതിയേകി.. യാത്രയിൽ പങ്കെടുക്കുന്നതിനുവേണ്ടി വിദ്യാർത്ഥികൾ മാതാപിതാക്കളോടൊത്ത് എത്തിചേരുന്നതേയുള്ളൂ. ടൂർ കോർഡിനേറ്റർ ഗഫൂർ സാർ നേരത്തെ തന്നെ എത്തിച്ചേർന്നിരുന്നു. വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങുന്നതിനിടയിൽ ഉമേഷ് സാറും സുജിത് സാറും അരുൺ സാറും ഞങ്ങളോടൊപ്പം



ചേർന്നു. ദ്രുതഗതിയിൽ വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനിടയിൽ കുട്ടികളുടെ പ്രതീക്ഷകൾക്ക് ഉണർവേകി കുതിരപ്പുറത്തേറിവന്ന യാവനയുക്തരായ രാജകുമാരന്മാരെന്ന പോലെ, വർണ്ണ പ്രഭയിൽ മുങ്ങിക്കുളിച്ച് സംഗീതത്തിന്റെ ചടുലതാളങ്ങളോടെ വിദ്യാലയമുറ്റത്ത് 'സിംഹ'ബസുകൾ വന്നണഞ്ഞു. വിദ്യാർത്ഥികളെല്ലാം ഉറക്കത്തിന്റെ ആലസ്യത്തിൽ നിന്നുണർന്ന പാട്ടിനൊത്ത് നൃത്തം വെച്ച് ആഹ്ലാദാരവത്തോടെ ഇഷ്ടമുള്ള ഇരിപ്പിടങ്ങളിൽ സ്ഥാനം പിടിച്ചു. എത്തിച്ചേർന്ന മാതാപിതാക്കളെല്ലാം എല്ലാവർക്കും യാത്രാമംഗളങ്ങൾ നേർന്നു. 5 മണിയോടെ 71 വിദ്യാർത്ഥികളുമായി വിദ്യാലയത്തിൽ നിന്ന് യാത്ര പുറപ്പെട്ടു. തിരുവിഴേശന്റെ നാട്ടിൽ നിന്നും ഉണ്ണികൃഷ്ണൻ സാറും ഞങ്ങളോടൊപ്പം ചേർന്നു. അതിനിടയിൽ ഗുരുദേവൻ കണ്ണാടി പ്രതിഷ്ഠ നടത്തി വിഖ്യാതമായ കളവംകോട് നിന്ന് രുചിയുടെ കലവറക്കൂട്ടുകൾ തീർക്കാനായി ഭക്ഷണത്തിനായുള്ള സാധന സാമഗ്രികളുമായി പ്രദീപേട്ടനും സംഘവും ഞങ്ങൾക്കൊപ്പം ചേർന്നു. അവിടെ വിജനമായ റോഡിൽ ഇറങ്ങി നിന്ന് ചൂടുചായ നുകർന്നപ്പോൾ ഉറക്കച്ചടവെല്ലാം നീങ്ങി. നവോന്മേഷം എല്ലാവരിലും നിറഞ്ഞു. യാത്ര തുടർന്നു. ഇതിനിടയിൽ രാവിന്റെ സുഖകരമായ തണുത്ത കുളിർക്കാറ്റേറ്റ് അല്പം മയങ്ങി ഉണരുമ്പോഴേക്കും എന്നെ ഞാനാക്കിയ എന്റെ ജന്മദേശമായ ചരിത്രമുറങ്ങുന്ന തൃപ്പൂണിത്തുറയിൽ നിന്നും ടീമിനൊപ്പം പ്രിയപ്പെട്ട സ്മൃതി ടീച്ചറും ലയടീച്ചറും ഞങ്ങളോടൊപ്പം ചേർന്നു. പാട്ടും നൃത്തവും ആരവങ്ങളുമായി യാത്ര തുടർന്നു. 8.30 ന് മൂവാറ്റുപുഴയാറിന്റെ കൈവഴിയുടെ തീരത്തിരുന്ന് പ്രഭാതഭക്ഷണവും കഴിഞ്ഞ് നേര്യമംഗലം വനപാതയിലൂടെ കുട്ടിക്കുരങ്ങന്മാരുടേയും കുടുംബത്തിന്റേയും നയനമനോഹരമായ സുന്ദരദൃശ്യങ്ങൾ നുകർന്ന് 10 മണിയോടെ മൂന്നാറിന്റെ താഴ്വാരമായ അടിമാലിയിലെത്തി. അടിമാലി – മൂന്നാർ സഞ്ചാരപാതയിൽ സഞ്ചാരികളുടെ വിശ്രമ കേന്ദ്രമായ വാളറ വെള്ളച്ചാട്ടത്തിനു സമീപത്തേക്ക് പിന്നീട് ഞങ്ങൾ എത്തിച്ചേർന്നു. മലഞ്ചെരിവുകളിൽ നിന്നും മുത്തുകണക്കെ പാറകളിൽ തട്ടി ചിതറി തെറിച്ചു വീണ നീർത്തുള്ളികൾ ഞങ്ങളിൽ ഉണർവേകി. പ്രകൃതി രമണീയമായ മലയോരപാതകളൊക്കെ താണ്ടി 11 മണിയോടെ സഞ്ചാരികളുടെ സ്വപ്നഭൂമിയായ മൂന്നാറിൽ എത്തിച്ചേർന്നു. മനോഹരമായ നീലഗിരി മലനിരകളുടെ ശാന്തമായ തടാകതീരമായ എക്കോ പോയന്റിൽ അല്പനേരം ചെലവഴിച്ച് ചുറ്റുമുള്ള കുന്നുകളുടേയും നിത്യഹരിത വനമേഖലയുടേയും വിശാല ദൃശ്യം ആവോളം നുകർന്നു. അപ്പോഴതാ പ്രകൃതിയുടെ മടിത്തട്ടിൽ എല്ലാം മറന്ന് സഞ്ചാരികൾക്ക് ആനന്ദമേകി ആവശ്യപ്പെടുന്ന ഇഷ്ടഗാനങ്ങൾ ശ്രുതിമധുരമായി സുഷിരവാദ്യത്തിലൂടെ സാക്ഷാത്കരിക്കുന്ന ഏതോ ഒരു ഗന്ധർവഗായകൻ എല്ലാവരേയും മാടിവിളിക്കുന്നു. പ്രകൃതിയുടെ വരദാനമായി ലഭിച്ച ആ സർഗസംഗീതം ഞങ്ങൾക്ക് അവിസ്മരണീയമായ അനുഭവമായി മാറി. ഞങ്ങൾക്ക് ഉച്ചഭക്ഷണം കഴിക്കാൻ പ്രകൃതി ഇലചാർത്തുകൾ കൊണ്ട് ഇടമൊരുക്കി. രുചികരമായ ഉച്ചഭക്ഷണത്തിനു ശേഷം എക്കോ പോയ്ന്റിൽ നിന്നും 6 കിലോമീറ്റർ ദൂരെയായി സ്ഥിതി ചെയ്യുന്ന ദേവികുളം പഞ്ചായത്തിലെ അതിമനോഹരമായ ചിത്തിരപുരം ഗ്രാമത്തിലുള്ള പെരിയാറിന്റെ പോഷകനദിയായ, മുതിരപ്പുഴയാറിലെ മാട്ടുപ്പെട്ടി അണക്കെട്ട് കാണുവാൻ എത്തിച്ചേർന്നു. അണക്കെട്ടിന് സമീപത്തുള്ള ചെറുകിട വ്യാപാരശാലകളിൽ നിന്നും നാവിൽ കൊതിയൂറും ഉപ്പും മുളകുപൊടിയും തൂവി അലങ്കരിച്ചൊരുക്കിയ പച്ചമാങ്ങയുടേയും പൈനാപ്പിളിന്റേയും രുചി ആസ്വദിച്ചും പരസ്പരം പങ്കുവെച്ചും യാത്ര തുടർന്നു. ഇവിടെ നിന്നും ഏകദേശം 300 മീറ്റർ അകലെയുള്ള



മനോഹരമായ ഹിൽസ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന മാട്ടുപ്പെട്ടി ടീ ഫാക്ടറിയിലേക്കുള്ള യാത്ര ഏകാന്തസഞ്ചാരം ഏറെ ഇഷ്ടപ്പെടുന്ന എനിക്ക്

അവിചാരിതമായി വീണു കിട്ടിയ അസുലഭനിമിഷങ്ങളായി. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന വിവിധ തരം ചായകളുടെ രുചിയും സുഗന്ധവും അനുഭവിച്ചറിയുവാൻ ഇവിടെ അവസരങ്ങളുണ്ട്. അതിനായി മുതിരുമ്പോൾ അതാ ബസ് ഫാക്ടറിക്ക് മുന്നിൽ എത്തി നിൽക്കുന്നു. ദ്രുതഗതിയിൽ ബസ്സിലേക്ക് കയറുമ്പോൾ ആരവങ്ങളോടെ സ്വീകരണം. ചായയുടെ രുചിയറിയാനുള്ളസുവർണാവസരം നഷ്ടപ്പെട്ട നിരാശയോടെ ബസ്സിലേക്ക് കയറി. തുടർന്ന് യാത്രാ മധ്യേ മൂന്നാർ റിപ്പിൾസ് ടീ ഫാക്ടറിയിലേക്ക് ഒരെത്തിനോട്ടം. റിപ്പിൾസ് ചായ് ബസാറിൽ നിന്നും പ്രകൃതിദത്തമായ ചായയും നുകർന്ന് ഉന്മേഷവാന്മാരായി വീണ്ടും യാത്ര. തുടർന്ന് മൂന്നാർ വഴി ചന്ദന ഗന്ധത്തിന്റെ സുഗന്ധം പേറുന്ന നാട്ടുവഴിക ൾ തേടി മറയൂരിലേക്ക് യാത്ര തിരിച്ചു.



ഇരുവശങ്ങള ിലും അതിമനോ ഹരമായി അടുക്കടുക്കായി ക്രമീകരിച്ചിരിക്കുന്ന കോടമഞ്ഞിൽ പുതഞ്ഞു നിൽക്കുന്ന തേയിലത്തോട്ടങ്ങളും കണ്ണെത്താദൂരത്തോളം നീളുന്ന തേയിലത്തോട്ടങ്ങളെ തൊട്ടുരുമ്മി നിൽക്കുന്ന പർവതങ്ങളും പച്ചപുതപ്പണിഞ്ഞ പുൽമേടുകളും, കടന്ന് യാത്ര തുടർന്നു. അതിമനോഹരമായ പ്രകൃതി സൌന്ദര്യം, ആരേയും ആകർഷിക്കുന്ന ഭൂപ്രകൃതി, ശാന്തമായ അന്തരീക്ഷം, ശുദ്ധവായു . മലമുകളിൽ മനോഹരമായി ചാടിത്തുള്ളി പായുന്ന വരയാടുകളുടെ സംരക്ഷണ കേന്ദ്രവും ദേശീയോദ്യാനവുമായ ഇരവികുളം വഴി തണുപ്പും കാറ്റും കോടമഞ്ഞും എല്ലാം ഏറ്റുവാങ്ങി വനവാസകാലത്ത് പാണ്ഡവർ മറഞ്ഞിരുന്ന ഊരായ മറയൂരിലേക്ക് ... ഓർക്കുമ്പോൾത്തന്നെ നാവിലൂറും ശർക്കരമധുരം. മാട്ടുപ്പെട്ടിയിൽ നിന്ന് 52 കിലോ മീറ്റർ യാത്ര ചെയ്ത് കരിമ്പ് പാടം നിറഞ്ഞ മറയൂർ ഗ്രാമത്തിലെത്തിയപ്പോഴേക്കും 6 മണിയായിരുന്നു. റൂമിൽ എത്തി എല്ലാവരും ഉന്മേഷവാന്മാരായി വരുമ്പോൾ ആവി പറക്കുന്ന ചൂടുചായയും കേക്കും യാത്രാക്ഷീണം അല്പമൊന്നു ശമിപ്പിച്ചു. കമ്പിളി വസ്ത്രങ്ങളും ഷാളുകളും ഞങ്ങൾക്ക് തണുപ്പിൽ നിന്നും സംരക്ഷണമേകി. തുടർന്ന് 7 മണിയോടെ സ്വിമ്മിംഗ് പൂളിലേക്ക്. തണുപ്പ് കാരണം നീന്തൽക്കുളത്തിൽ ഇറങ്ങണ്ട എന്നു നിശ്ചയിച്ചുവെങ്കിലും തീരുമാനം മാറ്റിക്കൊണ്ട് വിദ്യാലയത്തിലെ കൊച്ചുമിടുക്കികൾക്ക് കൂട്ടായി ലയ ടീച്ചറിനും TY ടീച്ചറിനും ഒപ്പം സ്വിമ്മിംഗ് പൂളിലേക്ക്... കൊച്ചുമിടുക്കികൾ വെള്ളത്തിൽ മുങ്ങി തിമിർത്താസ്വദിക്കുന്നതു കണ്ടപ്പോൾ തണുപ്പെല്ലാം മറന്നു. പുറത്ത് ചടുല സംഗീതത്തിനൊപ്പം നൃത്തച്ചുവടുമായി മറ്റൊരു യാത്രാസംഘവും ഉണ്ടായിരുന്നു.നീന്തൽക്കുളത്തിൽ മിടുക്കികൾക്കൊപ്പം ആവോളം നീന്തിത്തുടിച്ച് യാത്രാക്ഷീണമെല്ലാം നീങ്ങി നവോന്മേഷത്തോടെ തിരികെ ... തുടർന്ന് നടന്ന ക്യാമ്പ്ഫയറിൽ എല്ലാ വിദ്യാർഥികളും മുകളിൽ ആകാശത്ത് അമ്പിളിയെയും താഴെ തീക്കനലിനെയും സാക്ഷിയാക്കി പാട്ടിന്റെ താളത്തിനൊത്ത് ചുവടുവച്ച് എല്ലാം മറന്ന് ആഹ്ലാദത്തിമിർപ്പിലായി. 9 മണിക്ക് രുചിയൂറും ചപ്പാത്തിയും കറിയും കഴിച്ച് 10 മണിയോടെ രാത്രി വിശ്രമത്തിനായി പിരിഞ്ഞു.

രാവിൻ സുഖശീതളിമയിൽ സുഖനിദ്ര. പുത്തൻ പ്രതീക്ഷകളുമായി പൊൻപുലരി യിലേക്ക് മിഴിതുറക്കുമ്പോൾ രാവിലെ സമയം 5.30 മണി. അത്യധികം ഉത്സാഹത്തോടെ പ്രഭാതകൃത്യങ്ങൾക്ക് ശേഷം നാലുവശങ്ങളിലും മലനിരകളാൽ ചുറ്റപ്പെട്ട മറയൂർ ഗ്രാമത്തിലെ കുളിരുന്ന പ്രഭാതത്തിൽ കാർത്തിക് റെസിഡൻസി യ്ക്ക് മുന്നിലുള്ള വീഥിയിലൂടെ വിദ്യാർത്ഥികൾക്കൊപ്പം ഒരു പ്രഭാതസവാരി. സവാരിക്കിടയിൽ അകലെ നിന്നും പക്ഷികളുടെ കളകള നാദങ്ങൾ കേൾക്കാം. നാദമധുരിമതേടി സാകൂതം മുന്നോട്ട് . ദൂരെ പൂച്ചെടികൾ നിറഞ്ഞ മനോഹരമായ വീടിനു മുന്നിലെ പടർന്നു പന്തലിച്ചു നിൽക്കുന്ന വിശാലമായ വൃക്ഷത്തിൽ നിന്നാണ് കിളികളുടെ കൊഞ്ചൽ. മരച്ചില്ലകൾക്കിടയിൽ പരസ്പരം മധുരഭാഷണത്തിൽ മുഴുകിയിരിക്കുന്ന ഇണക്കുരുവികളെ ഒരുനോക്കു കാണുവാൻ കൗതുകത്തോടെ വൃക്ഷ ചില്ലകൾക്കിടയിലൂടെ ഗൂഢമായി മറഞ്ഞ് നിന്ന് കണ്ണോടിക്കുമ്പോൾ അതാ അപരിചിതരായ അതിഥികളെ കണ്ടമാത്രയിൽ വീട്ടുകാവലാളായ ശ്വാനകൻ "എന്താ ഇവിടെ കാര്യം" എന്ന മട്ടിൽ കുരച്ചു ചാടി മുന്നോട്ട്. ചെമ്പരത്തി പൂക്കൾ കൊണ്ട് വേലി തീർത്ത വീടിന് നീണ്ട മരക്കോ ലുകൾ കൊണ്ടുള്ള പൊക്കം കുറഞ്ഞ കൊച്ചു കവാടം. ശ്വാനകനു പ്രയാസമുണ്ട ാക്കേണ്ട എന്നു കരുതി ഞങ്ങൾ തിരികെ മറുവശത്തെ വീഥിയിലേക്ക് .



പ്രകൃതിയിലെ ക്ക് കാതോർത്തപ്പോൾ എവിടെയോ ജലം ഒഴുകുന്ന ശബ്ദം. ആശബ്ദം തേടി നടന്നപ്പോൾ പച്ചപ്പുകൾ കൊണ്ട് മറക്കപ്പെട്ട ഉറവിടമെവിടെയെന്നറിയാതെ എങ്ങോട്ടാണെന്നറിയാതെ നിശ്ശബ്ദമായി സ്വച്ഛന്ദം ഒഴുകുന്ന നീർച്ചാൽ .വീഥിയുടെ ഇരുവശങ്ങളിലും കാട്ടുചെടികൾ പൂത്തുലഞ്ഞു നിൽക്കുന്നു. അതിനിടയിൽ മന്ദഹാസം പൊഴിച്ച് വർണ്ണപ്പൂക്കളുമായി പൂത്തു നിൽക്കുന്ന കൊച്ചു ബെന്തി. കാട്ടുചെടികൾക്കിടയിൽ മറഞ്ഞിരിക്കുന്ന ആ മറയൂർ സുന്ദരിയെ യാത്രയുടെ മധുരസ്മരണക്കായി മെല്ലെ സ്വന്തമാക്കി തിരികെ കാർത്തിക്കിലേക്ക് . യാത്രക്കിടയിൽ വാടാതിരിക്കാൻ മണ്ണിനൊപ്പം

അല്പം ജീവജലം പകർന്നു നല്കി. ബസ് ടൂർ കോഡിനേറ്റർ അർജ്ജുൻ മറയൂർ സുന്ദരിയുടെ സംരക്ഷണം ഏറ്റെടുത്തു. വേണ്ടവിധം പൊതിഞ്ഞെടുത്ത് ആരും കാണാതെ ബസ്സിൽ രഹസ്യമായി കുടിയിരുത്തി.

അതിരുചികരമായ ചൂട് പൂരിയും മസാലയും തീർത്ത പ്രഭാത ഭക്ഷണത്തിനിടയിൽ അടുത്ത പ്രകൃതിവിരുന്നിലേക്ക് ഞങ്ങളെ നയിക്കുവാൻ 4 ജീപ്പുകൾ നിരനിരയായി ദ്രുതഗതിയിൽ എത്തിച്ചേർന്നു. തുടർന്ന് എല്ലാവരും ഓരോ ടീമായി ജീപ്പിലേക്ക്. വളഞ്ഞുപുളഞ്ഞ പാതയിലൂടെ പ്രകൃതിയൊരുക്കിയ അതുല്യ ദൃശ്യങ്ങളാസ്വദിച്ച് മുന്നോട്ട് പോകുമ്പോൾ സ്ഥലത്തിന്റെ സവിശേഷതകളും അറിവുകളും പകർന്നു ഞങ്ങൾക്കു വഴി കാട്ടിയായി അത്യുത്സാഹത്തോടെ ജീപ്പിന്റെ സാരഥി അരുൺ. വാഹനത്തിൽ നിന്നും ഉള്ള ദ്രുതസംഗീതത്തിനൊപ്പം ചടുലതാളത്തിൽ ജീപ്പ് ചലിപ്പിച്ച് ഞങ്ങളെ ആവേശഭരിതരാക്കി. അങ്ങകലെ



കേരളത്തിലെ പ്രകൃതിദത്തമായ ഏറ്റവും കൂടുതൽ ചന്ദനമരങ്ങൾ ഉള്ള മറയൂർ ചന്ദനക്കാടുകൾക്കു സമീപം എത്തിച്ചേർന്നു. ചന്ദനത്തിൻ സുഗന്ധം പേറും കാറ്റിൽ മെല്ലെ നൃത്തം ചെയ്യുന്ന ഇലകൾ അതിഥികളായ ഞങ്ങൾക്ക് ചാമരം വീശി സ്വാഗതമോതി. ചന്ദനമരങ്ങളെ തഴുകിയെത്തുന്ന ഇളംകാറ്റ് മനസിൽ കുളിരുപകരുന്ന അനുഭവമേകി. ഓരോ വൃക്ഷത്തിലും എണ്ണം തിട്ടപ്പെടുത്താനും തിരിച്ചറിയാനുമായി നമ്പറുകൾ നൽകി നാമകരണം ചെയ്തിട്ടുണ്ട്. ഒരു ചന്ദനവൃക്ഷം മൂപ്പെത്താൻ 260വർഷം വേണമെന്നും മൂപ്പെത്തിയ ഒരു ചന്ദനവൃക്ഷത്തിന് 2 കോടിയോളം രൂപ വിലവരുമെന്നും ഞങ്ങളുടെ ഗൈഡും സാരഥിയുമായ അരുൺ. 1980 കളിൽ റിസർവ് ഫോറസ്റ്റായി വനവകുപ്പിന്റെ അധീനതയിലാവുന്നതിനുമുമ്പ് കോടിക്കണക്കിന് വിലയുള്ള മൂപ്പെത്തിയ മരങ്ങളെല്ലാം കാട്ടുകള്ളന്മാർ കൈക്കലാക്കി. ഇപ്പോൾ അധികമായും ഉള്ളത് മൂപ്പെത്താത്ത സ്വാഭാവികമായി വളരുന്ന തൈവൃക്ഷങ്ങൾ മാത്രം. റ്റും കമ്പിവേലികെട്ടി തിരിച്ചിട്ടുണ്ട്.

ചന്ദനക്കാടുകളും കടന്ന് കാന്തല്ലൂരിലേക്കുള്ള വഴിമധ്യേ ആനത്താരകളെല്ലാം കടന്ന് കോവിൽക്കടവിൽ ഇരച്ചിൽ പാറവെള്ളച്ചാട്ടത്തിലേക്ക്. 300 മീറ്ററോളം ഉയരത്തിൽ നിന്ന് വലിയ ശക്തിയില്ലാതെ വെള്ളിനൂലിഴകൾ പോലെ സാവധാനം താഴോട്ടൊഴുകിയിറങ്ങി പാറയിൽ തട്ടി ചിന്നിച്ചിതറി തെറിക്കുന്ന ജലത്തുള്ളികൾതൻ മുത്തുകൾ ശരീരത്തു പതിക്കുമ്പോൾ അതിരില്ലാത്ത ആനന്ദം ..... ആഹ്ലാദം...... നല്ല മഴ നനയുന്നതിന്റെ അതേ അനുഭവം. പാറകൾക്കിടയിലൂടെ സാവധാനം വെള്ളച്ചാട്ടത്തിനടുത്ത് ചെന്ന് കൂട്ടുകാരുമൊത്ത് ചേർന്ന് ചിത്രങ്ങളെടുക്കുവാൻ പാറിപ്പറന്ന് തിരക്കുകൂട്ടുന്ന കുഞ്ഞുങ്ങൾ... ഭയപ്പാടോടെ താഴെ ഇറങ്ങുവാൻ ആശങ്കയോടെ മാറി നിന്ന കൂട്ടുകാർക്ക് ആത്മവിശ്വാസമേകി ഒരുകൈ സഹായം നൽകി പ്രോത്സാഹനമേകുന്നവർ. നന്മ കാഴ്ചകളാൽ സമൃദ്ധം ചേതോഹരമീ യാത്ര.

തുടർന്ന് ഹെയർപിൻ വളവുകളെല്ലാം കടന്ന് മുന്നോട്ടേക്ക്... അങ്ങകലെ നോക്കെത്താദൂരത്ത് കാന്തല്ലൂർ കുളച്ചി വയൽ ആദിവാസിക്കുടി കവാടത്തിലുള്ള തേൻപാറയിലേക്ക് ഞങ്ങളുടെ ശ്രദ്ധ തിരിച്ച് അല്പനേരത്തെ സൗഹൃദത്തിലൂടെ ഞങ്ങളിലൊരാളായി അരുൺ. 700 അടി ഉയരത്തിലുള്ള ഒറ്റപ്പാറയിൽ നിറയെ കളിത്തൊട്ടിലിനു സമാനം ഞാന്ന് കിടക്കുന്ന തേൻകൂടുകൾ. മദപ്പാടിലാണ്ട ഗജകേസരിയുടെ കവിളിലൂടെ ഒലിച്ചിറങ്ങുന്ന മദജലം പോലെ തേൻമലയിലെങ്ങും കിനിഞ്ഞിറങ്ങിയ തേൻതുള്ളികളിൽ പ്രകാശം പതിച്ചപ്പോൾ സ്വർണ്ണനിറമാർന്ന നൂലുകൾ പോലെ ശോഭിക്കുന്ന മനോഹരമായ ആ ദൃശ്യം നാവിൽ തേൻ മധുരമിറ്റിച്ചു. ആദിവാസികളുടെ ആവാസസ്ഥാനമായ ആ പ്രദേശത്ത് വിരലിലെണ്ണാവുന്ന ആദിവാസിക്കുടിലുകൾ മാത്രം. ആദിവാസികളുടെ എണ്ണവും പരിമിതം. ഇവിടെ നിന്നും തേൻ ശേഖരിക്കുന്നത് ഉപജീവന മാർഗമായി കണ്ടിരുന്ന ആദിവാസികളുടെ ഒരു തലമുറയുണ്ടായിരുന്നു. ഇന്ന് അത് അന്യം നിന്നുപോയി. ഇപ്പോഴത്തെ തലമുറ സാഹസികമായ ഈ പ്രക്രിയയുടെ ആപത്ത് കണക്കിലെടുത്ത് അതിനു മുതിരാറില്ല എന്ന അറിവ് അരുൺ ഞങ്ങൾക്ക് പകർന്നു നൽകി.

തുടർന്ന് പച്ചപ്പണിഞ്ഞ പാടങ്ങളും അതിനു നടുവിലെ ഓലമേഞ്ഞ കുടിലുകളും നിറഞ്ഞ കാർഷികത്തോട്ടങ്ങളുടെ നാടായ കാന്തല്ലൂരിലേക്ക്. നിത്യഹരിത വനങ്ങളും കേരളത്തിൽ നിന്നും കിഴക്കോട്ടൊഴുകുന്ന പാമ്പാറിന്റെ തീരങ്ങളും ഉള്ള കാഴ്ചകളുടെ ഊരായ കാന്തല്ലൂർ. വനവാസകാലത്ത് ഈ പ്രദേശത്തിന്റെ മനോഹാരിത കണ്ട് ശ്രീരാമൻ ലക്ഷ്മണനോട് 'കാന്താ ' ഇതു നല്ല ഊര് എന്നു പറഞ്ഞു എന്ന് വിശ്വാസം. അങ്ങനെ കാന്തല്ലൂരായി. ആപ്പിളും ഓറഞ്ചും സീതപ്പഴവും സ്ട്രോബെറിയും ഫാഷൻ ഫ്രൂട്ടും നിറഞ്ഞ തോട്ടങ്ങളും യൂക്കാലിപ്റ്റസ് തോട്ടങ്ങളും കടന്ന് സഞ്ചാരികളുടെ പറുദീസയായ കാന്തല്ലൂർ പഞ്ചായത്തിലെ നാക്കുപെട്ടി GAG വ്യൂപോയന്റിലേക്ക് ആണ് ആദ്യം എത്തിച്ചേർന്നത്. 2009 ലെ മോഹൻലാലിന്റെ ചിത്രമായ ഭ്രമരം സിനിമയുടെ ലൊക്കേഷൻ എന്ന ഖ്യാതി



നേടിയതോടെയാണ് GA പോയന്റ് സഞ്ചാരികളുടെ ഇഷ്ടയിടമായി മാറിയത്. വിശാലമായ കുന്നിൻ മുകളിലെ ഏറുമാടവും വിദൂരതയിലെ ചെങ്കുത്തായ മലമടക്കുകളും, കാന്തല്ലൂരിലെ കാർഷിക കാഴ്ചകളും തുടങ്ങി ഏറെയുണ്ടായിരുന്നു ഇവിടെ ആസ്വദിക്കുവാൻ.

ഒരുമാടത്തിലേറിയുള്ള കാന്തല്ലൂരിന്റെ വിദൂര ദൃശ്യം കണ്ണുകൾക്ക് ആനന്ദമേകി. പുൽതൈലത്തിന്റെ സുഗന്ധം പേറുന്ന കാറ്റിന്റെ തഴുകലേറ്റ് അങ്ങകലേക്ക് നോക്കുമ്പോൾ സ്ത്രീ തൊഴിലാളികൾ ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ച് മുറിച്ചിട്ട യൂക്കാലിപ്റ്റസ് മരത്തിന്റെ തടികൾ തോളിലേന്തി ഒത്തൊരുമയോടെ മുന്നോട്ടേക്ക് നീങ്ങുന്ന കാഴ്ച വേറിട്ട അനുഭവമായി. ക്യാമറയിൽ ചിത്രം പകർത്തിയപ്പോൾ എല്ലാവർക്കും സന്തോഷം. അതിഥികളെ കണ്ടപ്പോൾ അധ്വാനത്തിനിടയിൽ അടുത്ത് വന്ന് കുശലം പറഞ്ഞപ്പോൾ നാട്ടിൽ എങ്ങും അന്യമായ ഗ്രാമജീവിതത്തിന്റെ നിഷ്കളങ്കതയുടെ പര്യായമായ ആ മാലാഖമാരുടെ സ്നേഹമൊഴികൾ മനസിനെ സ്പർശിച്ചു. മനുഷ്യൻ കാടുകൾ നശിപ്പിച്ച് കൃഷിക്കായി അധിനിവേശ സസ്യങ്ങളായ യൂക്കാലിപ്റ്റസ് മരങ്ങളും അക്വേഷ്യ മരങ്ങളും തേക്ക് മരങ്ങളും വച്ചുപിടിപ്പിക്കാൻ തുടങ്ങിയതോടെ ജലദൗർലഭ്യം അനുഭവപ്പെടുകയും വനമേഖലകളിൽ പ്രകൃതിയുടെ ആവാസവ്യവസ്ഥക്ക് ദോഷമാകുകയും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർധിക്കുകയും ചെയ്തതോടെ വനവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് ഈ മരങ്ങൾ വെട്ടി മാറ്റുന്നതിന്റെ ദൃശ്യം മനസിൽ ദുഃഖത്തിന്റെ നിഴൽ വീഴ്ത്തി. തുടർന്ന് ഭ്രമരം വ്യൂ പോയന്റിൽ എല്ലാവരും ഒത്തൊരുമിച്ചൊരു ക്ലിക്ക്. ഭ്രമരത്തിന്റെ പേര് അമ്പർത്ഥമാക്കി കൊണ്ട് യാത്രയുടെ സ്മരണക്കായി എല്ലാവർക്കും ഗഫൂർ സാറിന്റെ വക കുന്നിൽ പുറത്തെ മാടക്കടയിലെ മുഖ്യ ഇനമായ തേൻമിഠായി. തേൻമിഠായി നുണഞ്ഞ് ഉത്സാഹത്തോടെ തിരികെ ജീപ്പിലേക്ക്. തുടർന്ന്കേരളത്തിലെ ഏറ്റവും വലിയ സ്ട്രോബെറി തോട്ടമായ കാന്തല്ലൂരിലെ ഉർവര സ്ട്രോബെറി ഫാമിലേക്ക്. വെളുത്തപൂക്കളും അങ്ങിങ്ങ് ചുവന്നുതുടുത്ത പഴങ്ങളുമണിഞ്ഞ് നിരന്നനിൽക്കുന്ന സ്ട്രോബെറി ചെടികൾ കണ്ണുകൾക്കു വിരുന്നായി. ഫാമിൽ നിന്നും അപ്പോൾ പറിച്ചെടുത്ത വിറ്റാമിൻ സിയുടെ ഉറവിടവും ഫലങ്ങളുടെ രാജ്ഞിയുമായ ചുവന്ന സ്ട്രോബെറി പഴങ്ങളുടെ സുഗന്ധം നാവിൽ രുചിയുടെ മഴ പെയ്യിച്ചു. അവിടുത്തെ സ്റ്റാളിൽ നിന്നും ജൈവകൃഷി രീതിയിലൂടെ വിളയിച്ചെടുത്ത സ്ട്രോബെറിയും സ്ട്രോബെറി ജ്യൂസും ജാമും തേനും മറ്റു തനത് ഉൽപന്നങ്ങളും മേടിക്കുവാൻ തിരക്കുകൂട്ടുന്ന യാത്രികർ.

പ്രകൃതിദത്തമായസ്ട്രോബെറി ജ്യൂസിന്റെ രുചി ആസ്വദിച്ച് മറയൂരിലെ കുടിൽ വ്യവസായമായ ശർക്കര ഫാക്ടറിയിലേക്ക്. കരിമ്പിൻതണ്ട് ചതച്ച് നീരെടുത്ത് ആ കരിമ്പിൻ ചണ്ടി തന്നെ ഇന്ധനമാക്കി നീര് വറ്റിച്ചെടുത്ത് കാട്ടുമാവിൻതടികൊണ്ട് നിർമ്മിച്ച ചതുരപാത്രത്തിൽ ഉരുക്കി ഒഴിച്ച് ചൂടോടുകൂടി കൈ കൊണ്ട് ഉരുട്ടിയെടുക്കുന്ന ശർക്കരയുടെ പരമ്പരാഗത നിർമാണരീതി ഞങ്ങൾക്ക് പുതിയ അനുഭവമായിരുന്നു. വർഷം മുഴുവൻ കരിമ്പ് കൃഷി ചെയ്യുന്ന മറയൂരിലെ കർഷകർ പരമ്പരാഗതമായി ഉത്പാദിപ്പിക്കുന്ന ചുക്കു ചേർത്ത ശുദ്ധമായ ശർക്കരയും രുചിച്ച് പ്രകൃതിദത്തമായ കരിമ്പിൻ നീരും നുണഞ്ഞ് യാത്രാക്ഷീണമകറ്റി.

വീണ്ടും ചരിത്രമുറങ്ങുന്ന മുനിയറകളുടെ രഹസ്യം തേടി മുരുകൻ മലയിലേക്ക്. കണ്ണടച്ച് ശ്വാസമടക്കി നിരപ്പല്ലാത്ത അതിദുർഘടമായ പാറപ്പുറത്തു കൂടിയുള്ള യാത്ര സാഹസികത ഏറ്റവും ഇഷ്ടപ്പെടുന്ന ഞങ്ങൾക്കും ഞങ്ങളുടെ കൊച്ചു മിടുക്കന്മാർക്കും മിടുക്കികൾക്കും മറക്കാനാവാത്ത അനുഭവം തന്നെയായിരുന്നു. മുരുകൻ മലയിലെ നാലുവശവും കൽപാളികൾ വച്ചു മറച്ച് അഞ്ചാമത്തേത് മൂടികല്ലായി ഉപയോഗിച്ചിട്ടുള്ള ശിലാനിർമ്മിതങ്ങളായ മുനിയറകൾ കൗതുകകാഴ്ചകളായി. കേരളത്തിന്റെ ചരിത്രാതീതകാലത്തെ ശേഷിപ്പുകളാണ് ഇവ. ഐതിഹ്യങ്ങൾ പ്രകാരം സഹ്യപർവതത്തിന്റെ താഴ്വരയിൽ മുനിമാർ തപസ്സു ചെയ്യാനായി നിർമ്മിച്ചവയാണ് ഇവ എന്നു കരുതപ്പെടുന്നു . എന്നാൽ പതിറ്റാണ്ടുകൾക്കു മുൻപ് നടന്ന പഠന ങ്ങളിൽ മൃതദേഹങ്ങളുടെ ഭൗതികാവശിഷ്ടങ്ങൾ മറവു ചെയ്ത അറകളാണ് മുനിയറകൾ എന്നും പറയപ്പെടുന്നു. പാറക്കെട്ടിന്റെ സമനിരപ്പായ സ്ഥലത്ത് യാത്രികർക്ക് വിശപ്പും ദാഹവും അകറ്റുന്നതിനു വേണ്ടി നിവർത്തി വച്ച വർണ്ണക്കുടക്കു താഴെ മുരുകൻമലയുടെ താഴ്വാരത്തുനിന്നും ഗ്രാമീണൻ വിൽപനക്കായി വെച്ച വറ്റൽമുളകും കറിവേപ്പിലയും കൊണ്ട് അലകരിച്ച വേവിച്ച കടലയും തണ്ണീർമത്തനും പൈനാപ്പിളും രുചിച്ച് തിരികെ ജീപ്പിലേക്ക് .

1 ഒരു മണിയോടെ തിരികെ മറയൂർ കാർത്തിക് റസിഡൻസിയിലേക്ക്. സ്വാദിഷ്ടമായ ഫ്രൈഡ്റൈസും സലാഡും അടങ്ങിയ ഉച്ച ഭക്ഷണത്തിനു ശേഷം ലഗേജുകളെല്ലാം തിരികെ ബസിലേക്ക് ഒതുക്കി വച്ച് 3 മണിയോടെ മടക്കയാത്ര തുടങ്ങി. മൂന്നാറിലെ ആനവിരട്ടി കേരള ഫാമിൽ നിന്നും മൂന്നാർ തേയിലയും ചോക്ലേറ്റും മറ്റു സുഗന്ധവ്യഞ്ജനങ്ങളും വാങ്ങി. മടക്കയാത്രയിൽ വീണ്ടും അടിമാലി ടൗണിലെത്തി ഗ്രൂപ്പുകളായി തിരിഞ്ഞ് ഷോപ്പിംഗ്. 7.30 ന് ഹോട്ടൽ സഫയറിൽനിന്നും രാത്രിഭക്ഷണവും കഴിഞ്ഞ് ബസ്സിലേക്ക് കയറുവാൻ തയ്യാറെടുക്കുമ്പോൾ സംഗീതത്തിന്റെ ചടുലതാളവുമായി രാത്രി ഭക്ഷണത്തിനായി മറ്റൊരു യാത്രാസംഘം വന്നണഞ്ഞു. പാട്ടിനൊത്ത് ചുവടു വച്ചിറങ്ങിവന്ന അതിഥി താരങ്ങൾക്കൊപ്പം താളത്തിനൊത്ത് ചുവടുവച്ച് ടി സി യുടെ കുട്ടിപ്പടയും. തിരികെ കുട്ടിപട്ടാളം മനസ്സില്ലാമനസോടെ ബസ്സിലേക്ക്. 8 മണിക്ക് അടിമാലിയിൽ നിന്നും പുറപ്പെട്ട് നഗരങ്ങൾ താണ്ടി യാത്രാനുഭവങ്ങൾ പരസ്സരം പങ്കുവെച്ചും ആനന്ദലഹരിയിൽ ഇഷ്ടഗാനങ്ങൾ പാടിയും,ശ്രുതിമധുരമായ ഗാനത്തിന്റെ തലോടലിൽ അലം ഒന്നു മയങ്ങിയും കിഴക്കിന്റെ വെനീസായ ആലപ്പുഴയിലേക്ക് തിരികെ . പുലർച്ചെ 1 മണിയോടെ പാട്ടിന്റെ പാലാഴിതീർത്ത് വിദ്യാലയമുറ്റത്തേക്ക്. വേർപാടിൻ ദുഃഖവും പേറി രക്ഷിതാക്കളോടൊപ്പം പരസ്പരം വിട പറഞ്ഞ് തിരികെ സ്വഭവനങ്ങളിലേക്ക്. വീണ്ടും പുതിയൊരു ജീവിതയാത്രയുടെ തുടക്കത്തിനായി.

**റ്റി കെ രമ**
**സംസ്കൃതം ടീച്ചർ**

# ഞാൻ

ഓർമ്മ വച്ച കാലം മുതൽ
എല്ലാം എനിക്കായി മാത്രം,
എല്ലാം എന്റെത് മാത്രമായ് ,
മറ്റെല്ലാം എനിക്കന്യമെന്നും,
എല്ലാം കീഴടക്കാൻ ആവേശമായ്,
ലോകം തൻ ചുവട്ടിലാണെന്ന്
എല്ലാം ചിന്തിച്ചു പടുവിഡ്ഢി.
ഹുങ്കാരത്തോടു തൻ
ബന്ധു ജനങ്ങളോടും
ഗുരു ജനങ്ങളോടും അടരാടി.
മദനാന്ധതയോടും
ശീല്കാര ജല്പനങ്ങൾ
പ്രകമ്പനം കൊള്ളിക്കും
പുത്തൻ തലമുറയ്ക്കറിയാമോ
നീറ്റിലെ പോളയ്ക്കു തുല്യമായ്
ജീവനെ പോറ്റുവാനെത്ര
ദുഃഖിക്കുന്നു മാനുഷൻ .

Sumithra Devi S

# സീഡ് ആൻഡ് എക്കോ ക്ലബ്ബ്

ടി ഡി എച്ച് എസ് എസ് ആലപ്പുഴയിലെ സീഡ് ക്ലബ്ബിന്റെയും എക്കോ ക്ലബ്ബിന്റെയും 2024- വർഷത്തെ പ്രവർത്തനങ്ങൾ ജൂൺ 5 തീയ്യതി പരിസ്ഥിതി ദിനാചരണത്തോടെ ആരംഭിച്ചു. സ്കൂൾ അങ്കണത്തിലെ മരമുത്തശ്ശിയെ ഹെഡ് മിസ്ട്രസ് ശ്രീജ ടീച്ചറിന്റെ നേതൃതത്തിൽ ആദരിച്ചു.തുടർന്ന് വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ വൃക്ഷതൈതകൾ നട്ട് പച്ചക്കറി തോട്ടത്തിനു തുടക്കം കുറിച്ചു.പ്രകൃതി സംരക്ഷണ റാലി, പോസ്റ്റർ രചന,ഉപന്യാസരചന,ക്വിസ് മത്സരം എന്നിവയും ദിനാചാരണത്തിന്റെ ഭാഗമായി നടത്തി. സ്കൂൾ കോമ്പൗണ്ടിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിന്റെ ഭാഗമായി പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ കുട്ടികൾ ശേഖരിച്ചു . കുട്ടികളിൽ പാരിസ്ഥിതിക അവബോധം ഉളളവാക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ പ്രകൃതി നടത്തം നടത്തി. പ്രാദേശിക സസ്യങ്ങൾ വെച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി പപ്പായ തൈകൾ നട്ടു.

# ലോക ലഹരി വിരുദ്ധ ദിനത്തിൽ SPC കേഡറ്റുകൾ

2024 ജൂൺ 26 തീയതി തിരുമല ദേവസ്വം ഹയർ സെക്കൻഡറി സ്കൂൾ ആലപ്പുഴയിലെ എസ് പി സി കേഡറ്റ്സ് ലോക ലഹരി വിരുദ്ധ ദിനം ആചരിച്ചു ഇതിന് നേതൃത്വം നൽകിയത് എസ്പിസി ഇൻ ചാർജ് ശ്രീജ ടീച്ചർ ആണ്. ഇതിനോട് അനുബന്ധിച്ച് ഒരുപാട് പ്രവർത്തനങ്ങൾ



സംഘടിപ്പിച്ചു. എസ്പിസി സ്റ്റുഡൻസിന്റെ സഹായത്തോടെ പ്ലക്കാർഡുകളും പോസ്റ്ററുകളും നിർമ്മിച്ചു. ലഹരി വിരുദ്ധ ദിനമായി ബന്ധപ്പെട്ട കാർഡുകൾ നിർമ്മിച്ചു. കാർഡുകളിൽ മിട്ടായി വെച്ച് റോഡിലൂടെ



പോക ന്നവർക്ക് വിതരണം ചെയ്തു ലഹരി ഉപയോ ഗിക്കരുത് ലഹരി ഉപയോ ഗിക്കുന്നത് ശിക്ഷകരമാണ് എന്ന നിർദ്ദേ ശം നൽകി



ബോധവൽക്കരണം ചെയ്തു. പോലീസുകാരുടെ നേതൃത്വത്തിൽ എസ് പി സി കേഡറ്റ്സ് ലഹരി വിരുദ്ധദിനവുമായി ബന്ധപ്പെട്ട പോസ്റ്ററുകളും പ്ലക്കാടുകളും ഉയർത്തിപ്പിടിച്ച് റാലി നട



റോഡിലൂടെയുള്ള റാലിക്ക് ശേഷം സ്കൂളിന്റെ മുന്നിൽവ സി കേഡറ്റ്സ് ചേർന്നൊരുക്കിയ ഒരു ഫ്ലാഷ്മോബ് കളിച്ചു. അതിനുശേഷം ലഹരി വിമുക്തദിനമായി ബന്ധപ്പെട്ട കാർഡുകൾ വിതരണം ചെയ്ത് എല്ലാവരും പിരിഞ്ഞു.

# പുസ്തക നിരൂപണം 1

ആലപ്പുഴക്കാരൻ ആയ അഖിൽ ധർമ്മജൻ എന്ന എഴുത്തുകാരൻ എഴുതിയ നോവലാണ് റാം കോ ആനന്ദി . ഈ തലമുറയിലും ഒരു പുസ്തകത്തിന് ഇത്രയധികം സ്വാധീനം ചിലത്താൻ സാധിച്ചിട്ടുണ്ടെങ്കിൽ അത്രമേൽ ഈ പുസ്തകം ഓരോ വായനക്കാരിലും പ്രതിഫലിച്ചിട്ടുണ്ടാകാം . ഈ പുസ്തകം വായിക്കുമ്പോൾ വായനക്കാരും കഥയിലെ ഓരോ കഥാപാത്രങ്ങളോടൊപ്പം സഞ്ചരിക്കുകയാണ്. "ചെന്നൈ ഉങ്കളെ അൻപുടൻ " എന്നാ വാചകത്തിൽ തുടങ്ങി ചെന്നൈയിലെ ഓരോ സ്ഥലത്തും എന്നെക്കൊണ്ട് എത്തിച്ച കഥയാണ് റാം കോ ആനന്ദി . ആലപ്പുഴയിൽ നിന്നും സിനിമ പഠിക്കാനായി കൂടെ കുറെ ജീവിതങ്ങളും പുതിയ കഥാ പശ്ചാത്തലങ്ങളും തേടി ചെന്നൈയിലെത്തുന്ന റാം . റാമിൻറെ ജീവിതത്തിലേക്ക് കടന്നുവരുന്ന ആനന്ദിയും രേഷ്മയും പാർട്ടിയും വെട്രിയും പിന്നെ കിരണും ബിനീഷേട്ടനും എന്തിനു ഒന്നോ രണ്ടോ അധ്യായത്തിൽ മാത്രം വന്നു പോകുന്ന ലോഡ്ജിലെ വൃദ്ധ ദമ്പതികൾ പോലും എൻറെ ഹൃദയത്തോട് ചേർന്ന് നിൽക്കുന്നു.അപ്പോഴും മല്ലി മാത്രം ഉണങ്ങാത്ത മുറിവും പോലെ നീറുന്നുണ്ട്. മല്ലി എന്ന കഥാപാത്രവും അവളിലെ അവസ്ഥയും കൂടുതൽ മനസ്സിനെ നൊമ്പരപ്പിച്ചു പാർട്ടിയും വെട്രിയും രേഷ്മയും കഥയെ കൂടുതൽ മനോഹരമാക്കി പ്രത്യേകിച്ച് ആനന്ദി. ചെന്നൈയിലെ ഓരോ സ്ഥലത്തു കൂടി അവരോടൊപ്പം ഞാനും യാത്ര ചെയ്യുകയായിരുന്നു.അമ്മ ഊണവക്കം അല്ലി ഗ്രാമവും ഗിണ്ടി റെയിൽവേ സ്റ്റേഷനും ധനശ്രീ ലോഡ്ജും വാകപ്പു വീണു കിടക്കുന്ന വഴിയും പഴയ ഇരുമ്പു ബെഞ്ചും അങ്ങനെ ഓരോ സ്ഥലങ്ങളും .ഓരോ വായനക്കാരിലും അവശേഷിക്കുന്ന അവസാന പേജിലേക്ക് വായിച്ചെടുക്കുവാനുള്ള ഉന്മേഷമൊക്കെയും എന്നിൽ പതിയെ നഷ്ടപ്പെട്ടിരുന്നു ,അത്രമേൽ ഈ കഥയും കഥാപാത്രങ്ങളും എൻറെ മനസ്സിൽ സ്ഥാനം നേടി . ഈ പുസ്തകം വായിച്ചു തീർന്നപ്പോൾ എനിക്കു സങ്കടവും സന്തോഷവും പരിഭവവും എല്ലാം തോന്നി. ഇത്തരം ഒരു കഥ ഞങ്ങൾക്ക് സമ്മാനിച്ച അഖിൽ പി ധർമ്മജന് ഒരായിരം നന്ദി .

അയന വി. ആർ
9 D

# പുസ്തക നിരൂപണം II

ഒരു സിനിമ കഥപോലെ വായിക്കാൻ കഴിയുന്ന പുസ്തകമാണ് കലവൂർ രവികുമാർ എഴുതിയ ഹൃദയ ജാലകം .ഒരു അമ്മയുടെയും മക്കളുടെയും സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ,തൻറെ പ്രിയപ്പെട്ടവന്റെ നഷ്ടത്തിന്റെ വേദനയും, ഇതിനിടയിൽ അവരുടെ ജീവിതത്തിൽ കടന്നുവന്ന ഒരു ചെറുപ്പക്കാരനെയും കുറിച്ചാണ് ഈ കഥ .വിധിയ ഒരുക്കിയ പ്രതിസന്ധികളിൽ നിന്നും ചതിക്കുഴിയിൽ നിന്നും കഴുത്തോടെ കരകയറിയാം മൂന്ന് പെൺ ജീവിതങ്ങളുടെ കഥയാണിത്.ഇത് പല സ്ത്രീകളുടെയും കഥയാണ് ,നമ്മുടെ ചുറ്റുപാടും നടക്കുന്ന കഥയാണ്.ഈ പുസ്തകം താല്പര്യത്തോടെ അല്ല ഞാൻ വായിക്കാൻ തുടങ്ങിയത് എങ്കിലും ആദ്യപേജ് വായിച്ചപ്പോൾ തന്നെ അടുത്തത് എന്ത് എന്ന് അറിയാൻ എനിക്ക് ആകാംക്ഷയായി.ഈ പുസ്തകം എന്നെ കരയിപ്പിക്കുകയും ,ചിരിപ്പിക്കുകയും എന്നിൽ കൗതുകം ഉണ്ടാക്കുകയും ചെയ്തു , എന്തിന് എനിക്ക് വിസിൽ അടിക്കാൻ പോലും തോന്നിപ്പോയ നിമിഷങ്ങൾ ഉണ്ട് .ഇത് വായിക്കാൻ വൈകിയതിന് എനിക്ക് നല്ല സങ്കടം ഉണ്ട് .എന്തായാലും ഇത് നിങ്ങൾ എല്ലാവരും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് അത്ര മനോഹരമായി ഒരു കഥയാണിത്

**അമൃത വി ആർ**
9D

# My own words .... Experiences from my life.

People choose to be alone not because they want to feel the loneliness but because they have trusted so many and betrayed by too many.

Only you know  the whole story of your life journey even now you still stumble at others words who have never ever lived your life for one day and break yourself.  You should learn to love yourself first before others or you will keep breaking yourself again and again and the history will repeat itself. Only you know the reason behind your choices.  So only you can understand yourself the best and no hurtful words from others can give you more choice and you know it so how you look at yourself is what matters the most.  You deserve to be loved in your life.

"Everyone have their own struggles "
"Their own backstory "
" Their own problems "
" Everyone have their own likes and dislikes "
"Everyone are different and have their own mindset"
" Everyone have their own beliefs and religions"
" Everyone have their own tragedy and fairytale in their life"
There are people who open up to others and who keep everything to themselves.
Everyone have their own interests.  Everyone are lonely sometimes.
Everyone have gone through so much and have their own life experiences.  Their own reasons and choices.  But still everyone have emotions and feelings like sadness and happiness.  It' up to us  how we want to look at our life and respond to it .  Respect others for who they are we never know their stories so don't be quick to judge them . We never know how many scars they are hiding with a beautiful smile.  Their pain behind that smile . We are all humans .  Everyone wants to be loved , needs to be loved , should be loved. No one should be left out.  Respect everyone, everyone deserves to be respected as they have all survived the battles that life had put them in till now and are still fighting . Just a simple gesture of kindness can mean so much to some people.  Everyone are built different but everyone are humans . Everyone would bleed blood after being cut. Everyone have basic human needs like sleeping , eating food , drinking water to survive and to be healthy.  Everybody have their own thoughts flooded in their minds. But still everyone are humans and i believe that everyone have humanity deep within their hearts.  So change the world with your positivity.  Say kind words as much as possible and do kind deeds as much as you can . Show the world that no amount of evilnes can change the kindness in you and fight your battles with a smile on your face even if tears are falling down your cheeks. Cause you are strong even stronger than you think you are.  Smile like it is the happiest day of your life, laugh like you have never felt sadness in your life.  This doesn't mean you are not allowed to feel sad or cry.  It means after you are done feeling sad and crying smile again like it is the best and brightest day of your life if it is raining embrace the rain.  Smile again.  I wanted to tell you your smile is very beautiful i hope i get to see you smile more your smile is so beautiful that it makes me smile.  Don't let the evil change who you are.  Let the kindness in you change the world instead.  No matter what others say or do you can be yourself.  A true person will accept you as you . They won't always go around judging you negatively and instead they will shower you with their sweetness and they will show you how amazing you are truly and how much they admire you for being yourself and the things about you that inspire them.  They will always treat you

kindly and won't hold an ulterior motive for befriending you or stab you in the back and ask you like they know nothing and ask why are you bleeding . True people will show you with their actions why you can always count on them and trust them and love them with your whole heart. I said with their actions not just their words some people are only smooth talker and do completely different of what they told you they were going to do but true people are people who try their best and show you with not only their words but actions that they are trustworthy. But this doesn't mean once you find them you get the right to treat them badly this means you found yourself an opportunity to show the real best version of you without being judged for it. Also I said the best version of you not the perfect version okay. You are a human and you make mistakes too it is ok atleast you get to learn something from your mistake and got the chance to not repeat it again. Also never trust anyone blindly cause Salt and sugar looks the same until you closely check it's characteristics sugar is sweet but salt is the opposite so don't trust anyone or anything too blindly. I hope you achieve your goals and be successful and that may you find a person who will never betray you and let you be yourself someone who will never judge you expect it you did something wrong ofcourse and shower you with lots of love and and all the kindness you deserve someone who will show you the right path and support you someone who will stay with you in your darkest hours of life and in the brightest hours of life and keeps giving you and showing you that they will never ever leave you. Again i hope you can achieve your dreams and be successful and Live your best life. Work hard and go break a leg ( means give it your best try and good luck ). I am cheering for you i believe you can do it and i hope you believe it too. I hope you will see how wonderful you are and that you may live a happy life that was waiting for you and claim it and make it yours just as destiny had planned it for you from the beginning. Don't lose in the wars of life even if you think you did lose Just remember that as long as there is a will in you nothing can control you and stop you from achieving what you have always wanted to achieve even now. It doesn't matter if your dreams keep changing , as long as there is something you're going for. It doesn't matter how many times you lose and fail as long as you don't lose your hope and keep learning from the pain and failures you have been through grow even stronger after every time you fall. You have two choices either you learn from pain or move on and Live like you don't know pain exists with confidence and positivity oh just forgot the option three that you are thinking of that says give up did you forgot already that there is no such word as give up in your dictionary even if it has and it makes you feel like crying then cry don't hold back and bottle it up and be sad forever cry to your hearts content then tear the page that says give up and burn it if it keeps popping up try the same formula . I know that you have survived till now it doesn't matter if you barely made it till now atleast you survived and i know that you will survive again.It doesn't actually matter If you lose or win as long as you are happy it' alright . I believe in you so please look at your life like you are looking at something that makes you feel happy or maybe you can try to look at it like a movie you are the main character in your movie ofcourse it's your life and you are the main character no one can play your role better than you remember it so you don't have any reason to compare yourself with others . Just like in most of the movies i again hope you live a happy and wonderful life with exciting,surprising adventures waiting ahead for you. The adventures will look even better if you appreciate even the smallest things in your life.do you know that there are many people around the world dreaming of having the things you have in your life in your life. So appreciate what you have right now and enjoy your adventures. Don't forget the smile on your face cause you light the world that is mostly filled with darkness and you light it so bright just like moon , stars , and the sun. You are a great person and you can always try to be the better version of yourself be confident and believe in yourself and be a hero for yourself first in your own life. Thank you for reading all of this, i appreciate it , Thank you very much have an amazing day or a wonderful night filled with happiness bye.

Nikhila R pai
8A

# വിദ്യാരംഗം കലാസാഹിത്യവേദി


വയനാദിനമായ ജൂൺ 19ആം തിയതി വിദ്യാരംഗം കലസാഹിത്യ വേദിയുടെ ഔദ്യോഗിക ഉദ്ഘാടനം നടന്നു. ബാലസാഹിത്യ അക്കാദമി ചെയർമാനും അധ്യാപകനും എഴുത്തുകാരനുമായ ശ്രീ നെടുമുടി ഹരികുമാർ സർ ഉദ്ഘാടകനായെത്തി. കുട്ടികളുമായി ദീർഘനേരം അദ്ദേഹം സംവധിച്ചു. തുടർന്ന് കുട്ടികളുടെ കവിതാലാപനം, പ്രസംഗം, കവിതകളുടെ ദൃശ്യവിഷ്കാരം തുടങ്ങിയവ നടന്നു.

കവിതാലാപനം, നാടൻപ്പാട്ട്, കവിതാരചന, ഉപന്യാസം, കഥാരചന, ചിത്രരചന തുടങ്ങിയ വിഭാഗങ്ങളിൽ സ്കൂൾതല മത്സരങ്ങൾ നടന്നു. വിജയികളായ കുട്ടികളെ സബ്ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിച്ചു.

ബഷീർ അനുസ്മരണവുമായി ബന്ധപ്പെട്ട് ബഷീർ കൃതികളുടെ പ്രദർശനവും കഥാപാത്രങ്ങളുടെ ദൃശ്യാവിഷ്കാരവും നടന്നു.

August 22.ലോക നാട്ടറിവുദിനത്തിൽ കുട്ടികൾ പഴഞ്ചൊല്ലുകൾ, നാട്ടറിവുകൾ എന്നിവയുടെ ശേഖരണം നടത്തി. ആഘോഷങ്ങൾക്കും ആചാരങ്ങൾക്കും പ്രകൃതിയുമായുള്ള ബന്ധം തിരിച്ചറിഞ്ഞു വീടിനുസമീപത്തുള്ള വൃദ്ധരുമായി സംവദിച്ച് കൂടുതൽ അറിവുകൾ നേടി.



# प्रकृति संरक्षण

प्रकृति मानव अस्तित्व के लिए अपरिहार्य है । हम जिस हवा में सांस लेते हैं से लेकर जो भोजन हम खाते हैं, वह प्रकृति प्रदान करती है । जल, मिट्टी, लकड़ी और वायु के बिना मनुष्य का पृथ्वी पर रहना असंभव है ।चूंकि प्रकृति मनुष्य के लिए अक्षय है, इसलिए प्रकृति की रक्षा करना मनुष्य की जिम्मेदारी है। पर मनुष्य अपना प्रकृति को नाश कर रहा है । लाखों का पानी कारखानों में ले जाया जाता है और नदियों तथा समुद्रों आदि को प्रदूषित करता है ।

प्लास्टिक जलाना, पेड़ों को काटना और अवैज्ञानिक कृषि पद्धतियों से प्रकृति को नष्ट कर रहा है ।इसका शिकार केवल मनुष्य ही नहीं, बल्कि सभी जीवित प्राणी हैं और यह भविष्य के लिए बुरा है ।समय बदल गया है और प्रौद्योगिकी विकसित हो गई है और अभी भी समय है अगर हम सब मिलकर काम करें तो हम प्रकृति को बचा सकते हैं और इसे हरे से भर सकते हैं। यह मनुष्य और सभी जीवित प्राणियों के लिए फायदेमंद है ।

Aswin Balaji
8E

# ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാ ക്യാമ്പ്

ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാ ക്യാമ്പ്  ആലപ്പുഴ ടി ഡി എച്ച് എസ് എസ് ൽ വെച്ച് നടന്നു   ആലപ്പുഴയിലെ വിവിധ സ്കൂളുകളിൽ നിന്നും 120 ഓളം കുട്ടികൾ ക്ലാസിൽ പങ്കെടുത്തു. ആനിമേഷൻ, പ്രോഗ്രാമിംഗ്, വിഭാഗങ്ങളിലാണ് ക്ലാസ്സ് നടന്നത്. കുട്ടികൾക്ക് വളരെയധികം പ്രയോജനപ്രദമായിരുന്ന ക്യാമ്പിൽ ആനിമേഷൻ ,പ്രോഗ്രാമിംഗ്ഗ് എന്നിവയുടെ പുതിയ സാധ്യതകൾ കുട്ടികൾക്ക് മനസ്സിലാക്കുവാൻ സാധിച്ചു . 2 Dആനിമേഷനെക്കുറിച്ച് വളരെ വ്യക്തമായ ധാരണ കൈവരിക്കുവാനും 3D ആനിമേഷൻ സോഫ്റ്റ്വെയർ ആയ ബ്ലെൻഡർ പരിചയപ്പെടുവാനും സാധിച്ചു .രണ്ടു ദിവസവും കുട്ടികൾക്ക് ഉച്ചഭക്ഷണം  ഒരുക്കിയിരുന്നു .ക്യാമ്പിൽ ട്രെയിനർ ആയി വന്ന അധ്യാപകർ എല്ലാവരും വളരെ നല്ല രീതിയിലാണ് കുട്ടികളോട് ഇടപഴകിയത് വളരെ ക്ഷമയോടെ കുട്ടികളുടെ സംശയങ്ങൾ നിവാരണം ചെയ്തു കൊടുത്തു. സ്കൂളിലെ റെഗുലർ എൽ കെ ക്ലാസുകളിൽ നിന്നും വേറിട്ട ഒരു അനുഭവമായിരുന്നു സബ്ജില്ലാ ക്യാമ്പ്  .ക്യാമ്പ് നമ്മുടെ സ്കൂളിൽ തന്നെ യായിരുന്നതുകൊണ്ട് തന്നെ ഞങ്ങൾ വളരെ സന്തോഷത്തിലായിരുന്നു.













ഫഹദ് ,പ്രണവ്
9 D

# ജൂനിയർ റെഡ് ക്രോസ്സ്




2023-24 അധ്യയനവർഷത്തെ JRC യുടെ സ്കൂൾതല പ്രവർത്തനങ്ങൾ August 3ആം തീയതി HM ശ്രീമതി B.Sreeja Tr ഉദ്ഘാടനം ചെയ്തു. A, B, C വിഭാഗങ്ങളിലായി 34 കുട്ടികൾ ഈ വർഷം JRC യിൽ അംഗങ്ങളായുണ്ട്. നെഹ്റുട്രോഫി വള്ളം കളിയോടാനുബന്ധിച്ചുള്ള വിളമ്പരഘോഷയാത്രയിൽ JRC Cadets പങ്കെടുത്തു.സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ JRC Cadets എല്ലാവരും പങ്കെടുക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. September 8ആം തീയതി ഹെൻറിഡ്യുനന്റ് സ്മാരക ക്വിസ് മത്സരം നടന്നു. 10 C യിലെ ശ്രീലാൽ ആകാശ് ഒന്നാം സ്ഥാനവും ഹരിഹരൻ രണ്ടാം സ്ഥാനവും നേടി. സ്കൂളിൽ സംഘടിപ്പിച്ച ശുചീകരണ പ്രവർത്തനങ്ങളിൽ JRC Cadets ന്റെ മികച്ച പങ്കാളിത്തം ഉണ്ടായിരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ സൈക്കിറാലിയിൽ JRC A, B level Cadets പങ്കെടുത്തു. 2024 ജനുവരി 11 ന് C level exam നടന്നു. എല്ലാകുട്ടികളും വിജയിച്ചു. ജനുവരി 24 ന് C level seminar സംഘടിപ്പിച്ചു. വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബയോളജി അധ്യാപിക സുധ ടീച്ചറും, സൈബർ സുരക്ഷയെക്കുറിച്ച് കൈറ്റ് മിസ്ട്രെസ്സ് ലയ ടീച്ചറും ക്ലാസ്സെടുത്തു. A,B level exam എഴുതിയ എല്ലാ Cadets ഉം വിജയിച്ചു....

# വരകളിലൂടെ


thya J 10A




Prarthana Pradeep 9A



Afra Haris


Anamika Manoj 5B


Anamika Manoj 5


# GEOMETRICAL PATTERNS

## MATHS CLUB


















# ചിങ്ങം 1 - കാർഷിക ദിനം

ചിങ്ങം1 വിപുലമായ പരിപാടികളോടെ കാർഷിക ദിനചരണം നടത്തി.അന്നേ ദിവസം കുട്ടികൾ കൊണ്ടുവന്ന വിവിധ തരം പച്ചക്കറികൾഉപയൊഗി  നടത്തിയ പച്ചക്കറിക്കളം വാർത്താ പ്രാധാന്യം ലഭിച്ച ഇനമയിരുന്നു.കർഷകരെ ആദരിക്കൽ, കുട്ടികൾ അവതരിപ്പിച്ച നാടകം ,നാടൻപാട്ട്, എന്നിവ എടുത്തുപറേയ. പരിപാടികൾ ആയിരുന്നു.











# പരിസ്ഥിതി ദിനാഘോഷം

























# ആനുവൽ ഡേ 2023


















# NCC















# SPC

















# LITTLE KITES



2022 - 2025  Batch





2024 - 2027 Batch

# SPORTS

ടിഡി ഹൈസ്കൂൾ ജൂനിയർ ബോയ്സ് ഫുട്ബോൾ ടീം..



2024 25 അധ്യയനവർഷത്തിലെ വർഷത്തിലെ ആലപ്പുഴ സ്കൂൾ സബ്ജില്ലാ ഷട്ടിൽ ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടി ഡി സ്കൂളിജൂനിയർ വിഭാഗം ആൺകുട്ടികളുടെ ടീം.





ടി ഡി സ്കൂളിലെ കരാട്ടെ ചാമ്പ്യൻസ്



റവന്യൂ ജില്ലാ സെലക്ഷൻ നേടിയ ടി ഡി സ്കൂളിലെ ക്രിക്കറ്റ് ടീം അംഗം



# സ്കൂൾ ഹോക്കി ടീം



2024 -25 അധ്യായന വർഷത്തിൽ, മറ്റു ഗെയിമുകളെ അപേക്ഷിച്ചു ഹോക്കി എന്ന ഗെയിമിന്റെ പ്രാധാന്യവും അനന്തര സാധ്യതകളും ഉൾക്കൊണ്ടുകൊണ്ട്.. വർഷങ്ങളായുള്ള... നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ഹോക്കി ടീം രൂപീകരണം എന്ന ആത്യന്തികമായ ലക്ഷ്യം സഫലമായി. ആലപ്പുഴ ഹോക്കി അസോസിയേഷന്റെ സാന്നിധ്യത്തിൽ, സ്കൂൾ ഹെഡ്മിസ്ട്രസും, പിടിഎ അംഗങ്ങളും, സ്റ്റാഫുകളും ഹോക്കിയിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി ഒരു



യോഗം വിളിച്ചു കൂട്ടി എല്ലാവരുടെയും സഹായ സഹകരണത്തോടു കൂടി ഹോക്കി ടീം രൂപീകരിക്കുവാൻ സാധിച്ചു.. ആലപ്പുഴ



ടി.ഡി സ്കൂളിന് വേണ്ടി ഹോക്കി സ്റ്റിക്കുകളും വിദഗ്ധരായ കോച്ചസിന്റെ സഹായവും ലഭ്യമാക്കിയത് ആലപ്പുഴ ജില്ലാ ഹോക്കിഅസോസിയേഷനാണ്.

ഇതേ വർഷത്തിൽ തന്നെ ആലപ്പുഴ സബ്ജില്ലാ സ്കൂൾ തല ഹോക്കി മത്സരങ്ങളിൽ സബ് ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടുവാൻ ടി ഡി സ്കൂളിലെ ഹോക്കി ടീമിന് സാധിച്ചു. എന്നതും ടി.ഡി സ്കൂളിന്റെ മികച്ച നേട്ടങ്ങളിൽ ഒന്നാണ്.



മാധവ് മഹാദേവ് (8 A) (അഫ്താബ് ഷൈജു (8 A) എന്നീ രണ്ടു കുട്ടികൾക്ക് ആലപ്പുഴ ജില്ലയെ പ്രതിനിധീകരിച്ച് 2024 -25 അധ്യായന വർഷത്തിലെ സംസ്ഥാന സ്കൂൾ ഹോക്കി ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ചു.



# ഏറോബിക്സ്

രക്തത്തിലെ പ്രാണവായുവിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള ഒരുതരം വ്യായാമമാണ് ഏറോബിക്സ്. ശരീരത്തിലെ വലിയ പേശി ഗ്രൂപ്പുകളെ ഉപയോഗിക്കുന്ന ഒരു  ശാരീരിക വ്യായാമമാണ് ഇത്. ആവർത്തനവും താളാത്മകവുമായ എക്സർസൈസുകൾ ആണ് എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ആദ്യകാലങ്ങളിൽ. ഫ്രീ ഹാൻഡ് എക്സർസൈസുകൾ ആണ്  സ്കൂളുകളിൽ കൂടുതലായും ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പിൽക്കാലങ്ങളിൽ കുട്ടികളിലെ cardeo  vascular endurance കൂട്ടുന്നതിനായി ഏറോബിക് എക്സർസൈസുകൾ ഉൾപ്പെടുത്തുകയുണ്ടായി.സംഗീതത്തിന്റെ സഹായത്തോടെ ചെയ്യാവുന്ന ആകർഷണീയമായ ഒരു വ്യായാമമാണ് എയ്റോബിക്സ്. ഇതിനെ തുടർന്ന്   ടി ഡി സ്കൂളിലെ കുട്ടികളെഎയ്റോബിക്സ്  പരിശീലിപ്പിക്കുകയുംതുടർന്നുള്ള എല്ലാ വർഷങ്ങളിലും യുപി വിഭാഗവും അതുപോലെതന്നെ ഹൈസ്കൂളിലെ എസ് പി സി വിഭാഗം കുട്ടികളും ആഗസ്റ്റ് 15നും നാഷണൽ സ്പോർട്സ് ഡേയ്ക്കും   "വന്ദേ ജനനി "എന്ന് തുടങ്ങുന്ന ദേശഭക്തിഗാനത്തിന്റെ അകമ്പടിയോടു കൂടി എയ്റോബിക്സ് ചെയ്തു വരുന്നു...









# തൈക്കോണ്ടോ

കൊറിയയിലെ ഒരു ആയോധനകലയാണ്. തൈ ക്കൊണ്ടോ. തലപ്പൊക്കത്തിൽ ചാടിയും കറങ്ങിയും ദ്രുതഗതിയിലുള്ള തൊഴി വിദ്യകൾ ഇതാണ് ഈ ആയോധന കലയുടെ പ്രത്യേകത. സ്കൂളിലെ സൂര്യനാരായണൻ സുന്ദരൻ സബ്ജില്ല, ജില്ല മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ആലപ്പുഴ ജില്ലയെ പ്രതിനിധാനം ചെയ്ത 2024 -25 അധ്യായനവർഷത്തിൽ സംസ്ഥാന സ്കൂൾ തൈക്കൊണ്ടോ മത്സരത്തിൽ പങ്കെടുത്തു



## ഷട്ടിൽ ബാഡ്മിന്റൺ സബ് ജൂനിയർ വിഭാഗം ഷട്ടിൽ ബാഡ്മിന്റണിൽ സബ്ജില്ലാതലത്തിൽ ഓപ്പൺ സെലക്ഷനിൽ പങ്കെടുത്ത് റവന്യൂ ജില്ലയിലേക്ക് സെലക്ഷൻ നേടിയവർ

**സഞ്ജയ് ബീ പൈ**
**6A.**






**അതുല്യ എസ് പൈ**
**8E**


A LITTLE
KITE
PRESENTATION